497 e-78687/18

(3)

19.11.18

കേരള സർക്കാർ

ഗതാഗത (സി) വകുപ്പ്

08/11/2018, തിരുവനന്തപുരം

നം.സി1/105/2018-ട്രാൻസ്

പ്രേഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

ഗതാഗത കമ്മീഷണർ

തിരുവനന്തപുരം

SS-AO/JS1 Discuss at 11 am on 22/11/18.

സർ,

വിഷയം:- ഗതാഗത വകുപ്പ് - ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥ നിയമനം -സംബന്ധിച്ച്

സൂചന:- 1)30.09.2018-ലെ സ.ഉ(കൈ)നം.59/2018/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ്.
2)താങ്കളുടെ 24.09.2018, 30.10.2018 എന്നീ തിയതികളിലെ എ4/ഇ-6317/2016/റ്റി.സി, 12.10.2018-ലെ എ3/23/2017/റ്റി.സി എന്നീ നമ്പർ കത്തുകൾ

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നതിനോടൊപ്പം താഴെ പറയുന്ന നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഫീസ് അറ്റൻഡന്റിന്റെ ജോലി അറ്റൻഡർമാരെ ഉപയോഗിച്ച് ചെയ്യുന്നതിന് നിയമതടസ്സം ഇല്ല എങ്കിൽ അറ്റൻഡർമാരെയും ചെക്ക് പോസ്റ്റ് ഡ്യൂട്ടിയിൽ നിയമിക്കാവുന്നതാണ്.

വനിതാ ഓഫീസ് അറ്റൻഡർമാരെയും പകൽ സമയത്ത് ചെക്ക് പോസ്റ്റ് ഡ്യൂട്ടിയിൽ നിയമിക്കാവുന്നതാണ്.ഡ്യൂട്ടി ഉത്തരവ് അനുസരിക്കാത്തവരുടെ പേരിൽ നടപടി സ്വീകരിക്കേണ്ടതാണ്.

സൂചന (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം മേഖല സീനിയോറിറ്റി അടിസ്ഥാനമാക്കി എ എം വി ഐ / എം വി ഐ മാരുടെ ചെക് പോസ്റ്റ് ഡ്യൂട്ടി നിയമനം നടത്തേണ്ടതാണ്. ചെക്ക് പോസ്റ്റ് ഡ്യൂട്ടിക്ക് സ്ഥിരസമ്മതപത്രം വാങ്ങുകയല്ല ചെയ്യേണ്ടത് . എന്തെങ്കിലും അസൗകര്യത്താൽ ആരെങ്കിലും ഡ്യൂട്ടി ഒഴിവാക്കണമെന്ന് അപേക്ഷിച്ചാൽ ആയത് ഒഴിവാക്കാവുന്നതാണ് . നിയമനം സോണൽ സീനിയോറിറ്റി പ്രകാരമാകണം. നിലവിലുള്ള ഏതെങ്കിലും ഉത്തരവുകൾ ഇതിന് തടസ്സമായിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നിർദ്ദേശമാണ് സമർപ്പിക്കേണ്ടത്.

File No.TRANS-C1/105/2018-TRANS

ചെക്ക് പോസ്റ്റുകളിൽ ജീവനക്കാരുടെ എണ്ണത്തിൽ മാറ്റം വരുത്തണമെങ്കിൽ അതിനുള്ള നിർദ്ദേശം സമർപ്പിക്കേണ്ടതാണ്. ചെക്ക് പോസ്റ്റ്കളിലെയും അതിനോടനുബന്ധിച്ച് ആർ.ടി. ഓഫീസുകളിലെയും അഴിമതി സംബന്ധിച്ച് നിരവധി പരാതികൾ ലഭിക്കുന്ന സാഹചര്യത്തിലാണ് സൂചന (1)-ലെ ഉത്തരവ് പുറപ്പെടുവിച്ചത് . പ്രസ്തുത സർക്കാർ ഉത്തരവ് നടപ്പിൽ വരുത്തി ചെക്ക് പോസ്റ്റ് ഡ്യൂട്ടി ക്രമപ്പെടുത്തി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
സിനി .ജെ .ഷുക്കൂര്
ജോയിന്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.